LIBRARY ARCHIVES Kerala Legislative Assembly

സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര

87(2125) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊള്ളപ്പലിശക്കാരിൽനിന്നും സ്വകാര്യ പണമിടപാടുകാരിൽനിന്നും രക്ഷിച്ച് സഹകാരികൾക്ക് യഥാസമയം മതിയായ തോതിൽ കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നതാണ് ഓപ്പറേഷൻ കുബേരയുടെ ഭാഗമായി സഹകരണ മേഖലയിൽ കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യം.

(സി) താഴെപ്പറയുന്ന നടപടികളാണ് ഇക്കാര്യത്തിൽ നടപ്പിലാക്കിവരുന്നത് :

1. ദാരിദ്ര്യരേഖയ്ക്ക് താഴെ വന്നിട്ടുള്ളവർ, ചെറുകിട കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ എന്നിവർക്ക് പരമാവധി 5000/- രൂപ വരെ വായ്പ സ്വന്തം ജാമ്യത്തിൽ, അപേക്ഷിച്ചാൽ 2 ദിവസത്തിനകം നൽകുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

2. അപേക്ഷിച്ച് പരമാവധി 15 ദിവസത്തിനകം സഹകരണ സംഘങ്ങൾ/ ബാങ്കുകൾ വായ്പ നൽകുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

3. ജനങ്ങൾക്ക് വളരെ വേഗത്തിൽ വായ്പ ലഭിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ പ്രവർത്തന സമയം രാവിലെ 8 മുതൽ രാത്രി 8 വരെ ദീർഘിപ്പിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

4. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും നൽകുന്ന വായ്പകൾക്ക് പലിശ 16% വരെ എന്നത് 1% കുറച്ച് പരമാവധി 15% ആയി കുറവു ചെയ്തിട്ടുണ്ട്.

5. സ്വർണ്ണപണയ വായ്പയുടെ പരിധി ഒരാൾക്ക് 25 ലക്ഷം രൂപയായും പലിശനിരക്ക് 12% ആയും നിജപ്പെടുത്തി.

കൂടാതെ താഴെപ്പറയുന്ന കാര്യങ്ങളിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു:

(1) സഹകാരികൾക്ക് കൂടുതൽ സൗകര്യത്തിനായി ഞായറാഴ്ചകളിൽ ബാങ്കിംഗ് സേവനം നൽകാനായി 'സൺഡേ ബാങ്കിംഗ്' നടത്തുക.

(2) 1 ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകളും 50,000/ രൂപവരെയുള്ള കാർഷികേതര വായ്പകളും അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ നൽകാനുള്ള നിർദ്ദേശം നടപ്പിലാക്കുക.

(3) കൃത്യമായി വായ്പ മുതൽ ഇട തിരിച്ചടക്കുന്ന ഹ്രസ്വകാലവിള വായ്പകളും നെൽകർഷകർക്കുള്ള വായ്പകളും പലിശ രഹിതമായി നൽകുക, ഇക്കാര്യത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന പലിശ ബാധ്യത സർക്കാർ നൽകുക.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കുക.

സഹകരണ നിയമത്തിൽ ഭേദഗതി

88(2126) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമത്തിൽ ഭേദഗതി നിർദ്ദേശിക്കുന്നതിനായി കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണ്;

(ബി) പ്രസ്തുത കമ്മിറ്റി നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമായിരുന്നു; കമ്മിറ്റി എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കുമെന്ന് വ്യക്തമാക്കാമോ?

GPM. 2/243/2020-24

LIBRARY ARCHIVES Kerala Legislative Assembly